മലയാള മനോരമ

14 January 2026

# സംയോജിത ഫിഷറീസ് ഹബ് സ്ഥാപിക്കണമെന്ന് കവരത്തി മത്സ്യ മേളയിൽ ശുപാർശ

കൊച്ചി● ലക്ഷദ്വീപിലെ മത്സ്യ മേഖലയുടെ വികസനത്തിന് ദ്വീപുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വിധത്തിൽ സംയോജിത ഫിഷറീസ് ഹബ് സ്ഥാപിക്കണമെന്നു കവരത്തിയിൽ നടന്ന മത്സ്യ മേളയുടെ സമാപന സംഗമം ശുപാർശ ചെയ്തു.

മത്സ്യ വിപണനം സുഗമമാക്കാനും മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണി വിപുലീകരിക്കാനുമുള്ള ഏകജാലക സംവിധാനം യാഥാർഥ്യമാക്കാൻ ഇത് ആവശ്യമാണെന്നും സംഗമം അഭിപ്രായപ്പെട്ടു.

സിഎംഎഫ്ആർഐക്കു കീഴിലുള്ള ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രവും ദ്വീപ് ഫിഷറീസ് വകുപ്പും ചേർന്നാണു മത്സ്യ മേള സംഘടിപ്പിച്ചത്.

സുസ്ഥിര മത്സ്യബന്ധനം സാധ്യമാക്കാൻ ശാസ്ത്രീയ ഡേറ്റ ശേഖരണത്തിനു മത്സ്യത്തൊഴിലാളികളെയും ശാസ്ത്രജ്ഞരെയും കോർത്തിണക്കിയുള്ള 'സിറ്റിസൻ സയൻസ്' പദ്ധതികൾക്കു പ്രാധാന്യം നൽകണമെന്നും ഗവേഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും സംഗമം വിലയിരുത്തി.

സമാപന ചടങ്ങിൽ ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ.ബുസർ ജംഹർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് കെവികെ മേധാവി ഡോ. പി. എൻ.ആനന്ദ് എന്നിവർ പ്രസംഗിച്ചു.